# എല്ലാ കാർഡുടമകൾക്കും നാലുമാസം ഭക്ഷ്യക്കിറ്റ് : സംസ്ഥാനതല ഉദ്ഘാടനം ഇന്ന് മുഖ്യമന്ത്രി നിർവ്വഹിക്കും

കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ എല്ലാ കാർഡുടമകൾക്കും സെപ്റ്റംബർ മുതൽ ഡിസംബർ വരെ സർക്കാർ നാലുമാസം ഭക്ഷ്യക്കിറ്റ് സൗജന്യമായി വിതരണം ചെയ്യുന്നു. ഇതിൻറെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് (സെപ്തംബർ 24) രാവിലെ 11 ന് ഏറ്റുമാനൂർ നന്ദാവനം ഓഡിറ്റോറിയത്തിൽ വീഡിയോ കോൺഫറൻസിലൂടെ മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കും . ഭക്ഷ്യ – പൊതുവിതരണ വകുപ്പ്മന്ത്രി പി. തിലോത്തമൻ അധ്യക്ഷത വഹിയ്ക്കും. ആദ്യകിറ്റ് വിതരണം അഡ്വ : കെ. സുരേഷ് കുറുപ്പ് എം എൽ എ നിർവ്വഹിക്കും . മുനിസിപ്പിൽ ചെയർമാൻ ബിജു കൂമ്പിക്കൽ, വാർഡ് കൗൺസിലർ പുഷ്പലത , വിവിധ രാഷ്ട്രീയപാർട്ടിപ്രതിനിധികൾ ആശംസ നേരും. സപ്ലൈകോ സി എം ഡി അലി അസ്ഗർ പാഷ റിപ്പോർട്ട് അവതരിപ്പിക്കും. ഭക്ഷ്യ – പൊതുവിതരണ വകുപ്പ് സെക്രട്ടറി പി.വേണുഗോപാൽ സ്വാഗതവും സിവിൽ സപ്ലൈസ് ഡയറക്ടർ ഹരിത വി . കുമാർ നന്ദിയും പറയും.

പബ്ളിക് റിലേഷൻസ് ഓഫീസർ

സപ്ളൈകോ.